هيئة التعليم السنّي بعموم كيرالا
SAMASTHA KERALA SUNNI VIDYABHYASA BOARD (Regd.)

| President | General Secretary | Treasurer | Secretary |
| --- | --- | --- | --- |
| KANTHAPURAM A.P. ABOOBACKER MUSLIYAR | CHITHARI K.P .HAMZA MUSLIYAR | M.N. SIDDEEQUE HAJI CHEMMAD | Prof. A.K. ABDUL HAMEED Msc KOZHIKODE |

## Circular No. 101/2017

സ്നേഹപൂർവ്വം,

പതിറ്റാണ്ടുകളായി ഇന്ത്യയിൽ മത വിദ്യാഭ്യാസ രംഗത്ത് വലിയ പരിവർത്തനത്തിനും പുരോഗതിക്കും നേതൃത്വം നൽകിയ മഹത്തായ പ്രസ്ഥാനമാണ് സുന്നി വിദ്യാഭ്യാസ ബോർഡ്. മത വിദ്യാഭ്യാസ രംഗം കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ ഈ വർഷം മുതൽ മൂല്യനിർണ്ണയത്തിൽ (പരീക്ഷാ രീതിയിൽ) സുപ്രധാന മാറ്റങ്ങൾ കൊണ്ടുവരികയാണ്.

അടിയുറച്ച വിശ്വാസമുള്ള മുസ്‌ലിമായി ജീവിക്കുന്ന വ്യക്തിയെ വാർത്തെടുക്കുകയാണല്ലോ മദ്റസാ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിന് വിദ്യാർത്ഥികൾക്ക് മത വിഷയങ്ങളിൽ ആവശ്യമായ അറിവു ലഭിക്കണം, സ്വഭാവ സംസ്കരണം നടക്കണം, മതകർമ്മങ്ങൾ ചെയ്യാനുള്ള താൽപ്പര്യവും ശേഷിയും ഉണ്ടാകണം. ഇതെല്ലാം പരിശോധിച്ചും നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയും മുന്നോട്ടു പോയാൽ മാത്രമെ നമുക്കു ലക്ഷ്യത്തിലെത്താൻ സാധിക്കുകയുള്ളൂ.

നിലവിലുള്ള സമ്പ്രദായത്തിൽ എഴുത്തു പരീക്ഷയിലൂടെ മാത്രമാണ് കുട്ടികളുടെ പഠനനേട്ടം വിലയിരുത്തുന്നത്. ഇതോടൊപ്പം കുട്ടി കൈവരിച്ച ശേഷികളും ധാരണകളും നിരന്തരം പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. അതു കൊണ്ട് ഈ വർഷം മുതൽ മൂല്യനിർണ്ണയ രീതി മാറുകയാണ്. എഴുത്തു പരീക്ഷയും, കുട്ടി ആർജിച്ചെടുത്ത നൈപുണികളെ അളക്കാനും മനസ്സിലാക്കാനുമുള്ള നിരന്തര മൂല്യ നിർണയവും മദ്റസാ തലത്തിൽ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാൻ ബന്ധപ്പെട്ടവർ ശ്രമിക്കണമെന്ന് ഉണർത്തുന്നു.

## I (a) പ്രാക്ടിക്കൽ

അധ്യാപകർ നേരിട്ടു നടത്തുന്നതും ദൈനംദിന അധ്യാപനത്തിന്റെയും നിരീക്ഷണത്തിന്റെയും ഭാഗവുമായ നിരന്തര മൂല്യനിർണ്ണയം (പ്രാക്ടിക്കൽ) ആകെ 100 മാർക്ക്

മൂല്യ നിർണയത്തിന് മാർക്ക് താഴെ കാണിച്ച രീതിയിൽ ക്രമീകരിച്ചിരിക്കുന്നു.

1. വായന (20 മാർക്ക്)
2. എഴുത്ത് (20 മാർക്ക്)
3. കർമ്മം (20 മാർക്ക്) (വുളു, നിസ്കാരം, തയമ്മും പോലെയുള്ളവ)
4. ശീലം (15 മാർക്ക്) (കുട്ടികൾ കർമ്മങ്ങൾ ചെയ്യുന്നുണ്ടോ എന്ന പരിശോധന)
5. വേഷം (15 മാർക്ക്)
6. ഹാജർ (10 മാർക്ക്)

ആകെ മാർക്ക് 100 വിജയിക്കാനുള്ള മാർക്ക് 40

## (b) വർഷാവസാനം നടത്തുന്ന എഴുത്തുപരീക്ഷയും ഇന്റേർണൽ മൂല്യനിർണ്ണയവും

എഴുത്തു പരീക്ഷ (80 മാർക്ക്)

അർദ്ധവാർഷിക പരീക്ഷയുടെ വെയിറ്റേജ് (10 മാർക്ക്)

അസൈൻമെന്റ് (10 മാർക്ക്)

ഓരോ വിഷയത്തിനും 100 മാർക്ക് വിതം. വിജയിക്കാനുള്ള മാർക്ക് 40.

എഴുത്തു പരീക്ഷക്ക് ആകെയുള്ള 80 മാർക്കിൽ $1\ ^1/_2$ മാർക്ക് വീതമുള്ള 30 ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങളും ($1^1/_2$X 30=45മാർക്ക്) 2 മാർക്ക് വീതമുള്ള ഒറ്റ വാചകത്തിൽ ഉത്തരമെഴുതാനുള്ള 10 ചോദ്യങ്ങളും (2X10=20 മാർക്ക്) 5 മാർക്ക് വീതമുള്ള ഒരു പേരഗ്രാഫ് ഉത്തരമെഴുതാനുള്ള 3 ചോദ്യങ്ങളും (5X3=15മാർക്ക്) ഉണ്ടായിരിക്കും. ഈ വർഷം മുതൽ പൊതു പരീക്ഷയും വാർഷിക പരീക്ഷകളും ഈ നിലയിലായിരിക്കും നടക്കുക.

## II ഗ്രേഡ് നിർണയം

ഈ വർഷം മുതൽ മൂല്യനിർണയ പരിഷ്കരണത്തിന്റെ ഭാഗമായി റാങ്കുകൾക്കു പകരം ഗ്രേഡ് സിസ്റ്റം നടപ്പാക്കുകയാണ്. എല്ലാ വിഷയത്തിലും കിട്ടിയ ആകെ മാർക്കിന്റെ ശതമാനമനുസരിച്ചാണ് ഗ്രേഡ് നിശ്ചയിക്കുക. എന്നാൽ അർദ്ധവാർഷിക പരീക്ഷക്ക് ഗ്രേഡ് സിസ്റ്റം ഇല്ല.

| ഗ്രേഡ് കണക്കാക്കുന്ന വിധം | |
|---|---|
| 91 % മുതൽ 100% വരെ....... | A+ |
| 81 % മുതൽ 90% വരെ........ | A |
| 71 % മുതൽ 80% വരെ....... | B+ |
| 61 % മുതൽ 70% വരെ........ | B |
| 51 % മുതൽ 60% വരെ........ | C+ |
| 40 % മുതൽ 50% വരെ........ | C |
| 40 ശതമാനത്തിൽ താഴെ....... | D |

(ഉദാഹരണം: പ്രാക്ടിക്കലടക്കം ആറു വിഷയങ്ങളുള്ള അഞ്ചാം ക്ലാസിൽ ആകെ മാർക്ക്: 600, കുട്ടിക്ക് ലഭിച്ച മാർക്ക് 420 ആണെങ്കിൽ ശതമാനം 70 ($420 \div 600 \times 100 = 70\%$) = ഗ്രേഡ് B)

- മിനിമം C ഗ്രേഡെങ്കിലും ലഭിക്കാത്തവർ പ്രമോഷന് അർഹരല്ല.

## III മോണിറ്ററിംഗ് സമിതി

റെയിഞ്ചടിസ്ഥാനത്തിൽ മാനേജ്മെന്റ് പ്രതിനിധി, മുഅല്ലിം പ്രതിനിധി, വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ഒരാൾ എന്നിവർ ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതാണ്. ഈ സമിതി മദ്റസകൾ വിസിറ്റ് ചെയ്ത് പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നതുമാണ്.

അധ്യാപകർക്കും മാനേജുമെന്റുകൾക്കും ഇതു സംബന്ധമായി ട്രൈനിംഗ് നൽകുന്നതാണ്.

## IV പൊതു വിവരങ്ങൾ

(a) പരിഷ്കരിച്ച മാർക്ക് റെജിസ്റ്റർ റെയിഞ്ചു മുഖേന മദ്റസകൾക്ക് വിതരണം ചെയ്യുന്നതാണ്. മാർക്കു റെജിസ്റ്ററിൽ മേൽ വിവരിച്ച പ്രകാരമാണ് മാർക്കുകൾ എഴുതിച്ചേർക്കേണ്ടത്. ഇത് മദ്റസയിൽ സൂക്ഷിക്കേണ്ടതാണ്.

(b) പൊതുപരീക്ഷാ ക്ലാസുകളിലെ ഖുർആൻ പാരായണം, ഹിഫ്ള്, പ്രാക്ടിക്കൽ, ഇന്റേണൽ എന്നിവയുടെ മാർക്കുകൾ നിശ്ചിത ഫോറത്തിൽ രേഖപ്പെടുത്തി വിദ്യാഭ്യാസ ബോർഡ് ഓഫീസിലേക്ക് അയക്കേണ്ടതാണ്.

(c) പൊതുപരീക്ഷക്ക് ഫീസടച്ച് റജിസ്റ്റർ ചെയ്ത കുട്ടികളുടെ നമ്പറും പേരും രേഖപ്പെടുത്തിയ ശേഷം പ്രസ്തുത ഫോറം യഥാസമയം ബോർഡ് ഓഫീസിൽ നിന്ന് മദ്റസകളിലേക്ക് അയച്ചു തരുന്നതാണ്.

(d) ഖുർആൻ പരീക്ഷ നിലവിലുള്ളതു പോലെ അധ്യാപകർ നടത്തേണ്ടതാണ്. (മാർക്ക് : പാരായണം 50, ഹിഫ്ള് 50)

(e) പ്രാക്ടിക്കൽ, ഖുർആൻ, ഹിഫ്ള് എന്നിവയിൽ 80ശതമാനത്തിൽ അധികം മാർക്ക് ലഭിക്കുന്ന കുട്ടികളെ വിദ്യാഭ്യാസ ബോർഡ് മുഫത്തിശുമാർ പ്രത്യേക പരിശോധന നടത്തുന്നതാണ്.

(f) നാലാം ക്ലാസിലും അഞ്ചാം ക്ലാസിലും തജ്‌വീദും അഖ്‌ലാഖും കൂടി ഒറ്റ പേപ്പർ ആയിരിക്കും.

(g) മാർക്ക് റജിസ്റ്ററിൽ വിഷയങ്ങളുടെ പേരുകൾ എഴുതി ചേർക്കേണ്ട ക്രമം

| | | |
|---|---|---|
| I | - | تفهيم القراءة ، دروس الإسلام ، الكتابة |
| II | - | القرآن والحفظ ، الكتابة ، دروس الإسلام |
| III | - | القرآن والحفظ ، العقائد ، الفقه ، الأخلاق ، التّاريخ |
| IV | - | القرآن والحفظ ، العقائد ، الفقه ، الأخلاق والتجويد ، التّاريخ |
| V | - | القرآن والحفظ ، العقائد ، الفقه ، الأخلاق والتجويد ، التّاريخ |
| VI | - | القرآن والحفظ ، العقائد ، الفقه ، التّزكية ، التّاريخ |
| VII | - | القرآن والحفظ ، العقائد ، الفقه ، التّزكية ، التّاريخ |
| VIII | - | حفظ القرآن ، الفقه ، التّزكية ، التّاريخ |
| IX | - | حفظ القرآن ، الفقه ، التّزكية ، التّاريخ |
| X | - | حفظ القرآن ، الفقه ، التّزكية ، التّاريخ |
| XI | - | الفقه ، معالم الطّلاّب |
| XII | - | الفقه ، معالم الطّلاّب |

8, 9 ക്ലാസുകളിൽ അർദ്ധവാർഷിക പരിക്ഷക്കും വാർഷിക പരീക്ഷക്കും حفظ القرآن പരിക്ഷഉണ്ടായിരിക്കും. പത്താം ക്ലാസിൽ അർദ്ധവാർഷിക പരിക്ഷക്കു മാത്രമെ حفظ القرآن പരീക്ഷ ഉണ്ടായിരിക്കുകയുള്ളു.

# പ്രാക്ടിക്കൽ വിഷയങ്ങൾക്ക് മാർക്ക് നൽകുന്ന വിധം

**1. വായന**

| | |
|---|---|
| മഖ്റജ് | 10 മാർക്ക് |
| ഒഴുക്ക് | 5 മാർക്ക് |
| സ്ഫുടത | 5 മാർക്ക് |

**2. എഴുത്ത്**

| | |
|---|---|
| അക്ഷരം തെറ്റാതെ എഴുതുക | 10 മാർക്ക് |
| ശരിയായി കൂട്ടി എഴുതുക | 5 മാർക്ക് |
| ഭംഗിയായി എഴുതുക | 5 മാർക്ക് |

**3. കർമ്മം**

| | |
|---|---|
| തെറ്റാതെ നിർവ്വഹിക്കുക | 10 മാർക്ക് |
| ഭംഗിയായി നിർവ്വഹിക്കുക | 5 മാർക്ക് |
| മികച്ച നിലയിൽ നിർവ്വഹിക്കുക | 5 മാർക്ക് |

**ഓരോ ക്ലാസിലും കർമ്മത്തിന് പരിഗണിക്കേണ്ട വിഷയങ്ങൾ**

| | |
|---|---|
| I -Std | كلمة الشهادة ،آداب الأكل |
| II -Std | الوضوء والصلاة |
| III -Std | الأذان والإقامة ،الوضوء والصلاة |
| IV -Std | آداب الخلاء ،الوضوء والصلاة |
| V -Std | الوضوء والتيمّم والصلاة |
| VI -Std | الوضوء والتيمّم والغسل، صلاة الجماعة،آداب النوم ،الأذكار |
| VII -Std | عيادة المريض، تجهيز الميّت، الصلاة على الميّت |
| VIII -Std | الغسل والتيمّم،صلاة العاجز |
| IX -Std | الأذكار بعد الصلاة، الجمع والقصر |
| X -Std | آداب الجمعة،صلاة الجمعة، الإحرام والطواف والسعي |

കുട്ടികളുടെ പ്രായം, ഓരോ ക്ലാസിലും പഠിച്ച പാഠഭാഗങ്ങൾ എന്നിവ പരിഗണിച്ചാണ് മാർക്ക് നൽകേണ്ടത്

**4. ശീലം**

| | |
|---|---|
| ആരാധനകൾ നിർവ്വഹിക്കൽ | 10 മാർക്ക് |
| കൃത്യമായും ഭംഗിയായും നിർവ്വഹിക്കൽ | 5 മാർക്ക് |

**5. വേഷം**

| | |
|---|---|
| ഇസ്ലാമിക വേഷം ധരിക്കൽ | 10 മാർക്ക് |
| വൃത്തിയോടെ ധരിക്കൽ | 5 മാർക്ക് |

**6. ഹാജർ**

90 % മുതൽ 100 % വരെ .......... 10 മാർക്ക്
80 % മുതൽ 89 % വരെ .......... 8 മാർക്ക്
70 % മുതൽ 79 % വരെ .......... 6 മാർക്ക്
60 % മുതൽ 69 % വരെ .......... 4 മാർക്ക്
50 % മുതൽ 59 % വരെ .......... 2 മാർക്ക്

50 ശതമാനത്തിൽ താഴെ ഹാജറുള്ളവർക്ക് മാർക്കിന് അർഹതയില്ല. മെഡിക്കൽ ലീവ് ഹാജറായി പരിഗണിക്കണം. വർഷത്തിൽ മദ്റസ പ്രവർത്തിച്ച ആകെ ദിവസം കൊണ്ട് ഹരിക്കേത്.

ഉദാ: ആകെ പ്രവൃത്തി ദിവസം 240, വിദ്യാർത്ഥി ഹാജറായ ദിവസം 192 ( $(192 \div 240 \times 100 = 80\%)$ = 8 മാർക്ക്)

## ഇന്റേണൽ മാർക്ക് നൽകുന്ന വിധം

**1. വെയിറ്റേജ്**

അർദ്ധവാർഷിക പരീക്ഷയിൽ കുട്ടിക്കു ലഭിച്ച ആകെ മാർക്കിന്റെ വെയിറ്റേജ് ആണ് നൽകേണ്ടത് (10 മാർക്ക്)

90 % മുതൽ 100% വരെ : 10 മാർക്ക്
80 % മുതൽ 89 % വരെ : 9 മാർക്ക്
70 % മുതൽ 79 % വരെ : 8 മാർക്ക്
60 % മുതൽ 69 % വരെ : 7 മാർക്ക്
50 % മുതൽ 59 % വരെ : 6 മാർക്ക്
40 % മുതൽ 49 % വരെ : 5 മാർക്ക്
30 % മുതൽ 39 % വരെ : 4 മാർക്ക്
20 % മുതൽ 29 % വരെ : 3 മാർക്ക്
10 % മുതൽ 19 % വരെ : 2 മാർക്ക്

അർദ്ധ വാർഷിക പരീക്ഷക്കു ശേഷം മറ്റൊരു മദ്റസയിൽ നിന്ന് ടി.സി. വാങ്ങിവന്ന കുട്ടിക്ക് ആ മദ്റസയിൽ അർദ്ധ വാർഷിക പരീക്ഷക്ക് ലഭിച്ച മാർക്ക് എഴുതി വാങ്ങി വെയിറ്റേജ് നൽകണം.

**2. അസൈൻമെന്റ്**

മിനിമം രണ്ട് അസൈൻമെന്റ് ചെയ്യിക്കണം. ഒന്നിന് പരമാവധി 5 മാർക്ക് (ആകെ മാർക്ക് 10) വിദ്യാർത്ഥി തയ്യാറാക്കിയ അസൈൻമെന്റിന്റെ നിലവാരമനുസരിച്ച് മാർക്ക് നൽകണം. അറബി മലയാളത്തിലാണ് അസൈമെന്റ് എഴുതിക്കേണ്ടത്. (പാഠപുസ്തകത്തിൽ പരാമർശിച്ച കാര്യങ്ങളിൽ കുറിപ്പു തയ്യാറാക്കുക, ഉപന്യസിക്കുക, ഖണ്ഡിക എഴുതുക തുടങ്ങിയവയാണ് അസൈൻമെന്റു കൊണ്ട് ഉദ്ദേശിക്കു ന്നത്).

**3. ടേം**

വർഷാവസാനത്തിൽ നടക്കുന്ന പരീക്ഷയാണ് ടേം പരീക്ഷ. ഇതിന് ഓരോ വിഷയത്തിനും 80 മാർക്കിനുള്ള ചോദ്യപേപ്പർ ഉണ്ടായിരിക്കും. എന്നാൽ അർദ്ധ വാർഷിക പരീക്ഷക്ക് നിലവിലുള്ള മാർക്ക് തുടരും.

**4. ഖുർആൻ ഹിഫ്ള്**

ഖുർആൻ പരീക്ഷ നിലവിലുള്ള രീതിയിൽ അധ്യാപകർ തന്നെ നടത്തേണ്ടതാണ്.
ഖുർആൻ പാരായണം 50 മാർക്ക് ഹിഫ്ള് 50 മാർക്ക് (ആകെ 100 മാർക്ക്)

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. 9447 261022

കോഴിക്കോട്
23-10-2017

സെക്രട്ടറി
സുന്നി വിദ്യാഭ്യാസ ബോർഡ്